നഷ്ടം വന്നതെന്ന് ചോദിച്ചാൽ, മിസ്മാനേജ്മെന്റും മറ്റുമാണ്. ഇത് കണ്ടെത്തണമെങ്കിൽ സമയബന്ധിതമായി ആഡിറ്റിംഗും മറ്റ് കാര്യങ്ങളും വരണം. സമയബന്ധിതമായി വരാത്തതുകൊണ്ട് പിശകുകൾ കണ്ടെത്തി പരിഹരിക്കുവാൻ കഴിയാതെ വ്യവസായ സ്ഥാപനങ്ങൾ കോടികളുടെ നഷ്ടത്തിലേക്ക് പോകുകയാണ്. ആഡിറ്റിംഗ് കൃത്യമായി, സമയബന്ധിതമായി പൂർത്തീകരിക്കണം.

മി. സ്പീക്കർ : ചെയർ പേഴ്സൺ എന്ന നിലയ്ക്ക് അങ്ങയുടെ കമ്മിറ്റി എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : കമ്മിറ്റി ചെയ്യുന്നുണ്ട്. ഏറ്റവും ബാക്കിലുള്ളതിന് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ട് ഇത്ര സമയത്തിനുള്ളിൽ തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ എത്രയുംപെട്ടെന്ന് തരും എന്നാണ് കമ്മിറ്റിക്ക് കിട്ടിയ അറിയിപ്പ്. തുടർച്ചയായി അറിയിപ്പുകൾ വരുന്നതല്ലാതെ സമയബന്ധിതമായി ആഡിറ്റിംഗ് ചെയ്യുന്നില്ല. അങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ട്. സമയബന്ധിതമാക്കുന്ന കാര്യത്തിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായിട്ട് കുറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അത് കുറെക്കൂടി കൃത്യമായി, സമയബന്ധിതമായി ചെയ്യുവാൻ നടപടി സ്വീകരിക്കണം.

VI. റൂളിംഗ്

മി. സ്പീക്കർ : 21.4.1998-ൽ ശ്രീ. സത്യൻമൊകേരി ഈ സഭയിൽ ഉന്നയിച്ച് വിശദമായി ചർച്ച ചെയ്ത ഒരു വിഷയമാണിത്. അത് സംബന്ധിച്ച് അന്ന് ചെയർ അഭിപ്രായങ്ങൾ പറഞ്ഞു. അന്ന് ഇത് ഇവിടെ ഉന്നയിച്ചിട്ട് ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മന്ത്രി തന്നെ, അപ്-ടു-ഡേറ്റാക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ തീരുമാനം എടുത്തത്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ മനസ്സിലായി നല്ല ഇംപ്രൂവ്മെന്റ് ആ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അത് മനസ്സിലാക്കണം. ശ്രീ. ടി.എം. ജേക്കബ് ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. കഴിഞ്ഞ തവണ ഭൂരിപക്ഷം കമ്പനികളിലും 7,8,9 വർഷത്തിലധികം ബാക്ക് ലോഗ് ഉണ്ടായിരുന്നു. ഇത്തവണ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നും നോട്ടുചെയ്തത്, 60-ൽ 22 കമ്പനികളിൽ ആഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. 16 എണ്ണം ഒരു വർഷത്തേതേയുള്ളൂ. അപ്പോൾ 22-ഉം 16-ഉം 38 ആയി. 4 കമ്പനികൾ 2 വർഷം, അടുത്ത 4 കമ്പനികൾ 3വർഷം, അടുത്ത 3 കമ്പനികൾ 4 വർഷം, അടുത്ത 4 കമ്പനികൾ 5 വർഷം, ബഹുമാനപ്പെട്ട മന്ത്രിയുടെ ഇപ്പോഴത്തെ സ്റ്റേറ്റുമെന്റിൽനിന്നും ഞാൻ കുറിച്ചെടുത്തതാണ്. ഒരു കമ്പനി മാത്രമാണ് ആറ് വർഷം. അതിൽ പ്രത്യേകതയുണ്ട്. രണ്ടു കമ്പനികൾ മാത്രമാണ് ഏഴു വർഷം. ഇത് നല്ല ഇംപ്രൂവ്മെന്റാണ്. ഇത് ഈ രൂപത്തിൽ തന്നെ ഗവൺമെന്റും, ഗവൺമെന്റ് മാത്രമല്ല, പേപ്പേഴ്സ് ലെയിഡ് ഓൺ ദി ടേബിൾ, പി.യു.സി. തുടങ്ങിയ നിയമസഭാ കമ്മിറ്റികൾ, കമ്മിറ്റികളാണല്ലോ സഭയുടെ ഭാഗമായിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് സഭയോട് അക്കൗണ്ടബിലിറ്റിയുണ്ട്. അത് ഉറപ്പ് വരുത്തേണ്ടതും പ്രധാനപ്പെട്ട റോൾ വഹിക്കേണ്ടതും കമ്മിറ്റികളാണ്. പിന്നെ ഗവൺമെന്റും. കൂട്ടായി ഒരു ശ്രമം നടത്തിയാൽ യാതൊരു സംശയവും വേണ്ട, വളരെ ചുരുങ്ങിയ സമയം കൊണ്ട് നമുക്ക് ഇത് അപ്ടു-ഡേറ്റാക്കാൻ കഴിയും. അതിനു കഴിയണം. അപ്ടു-ഡേറ്റാക്കണം. പല കാര്യങ്ങളിലും നമ്മൾ പുതിയ മാതൃകകൾ സ്വീകരിച്ചിട്ടുണ്ട്. ആ രൂപത്തിലാക്കിക്കൊണ്ട് മുന്നോട്ടുപോകണമെന്നാണ് പറയുന്നത്. നിങ്ങളുടെ പരിശ്രമങ്ങളെ ഞാൻ അപ്രീഷിയേറ്റ് ചെയ്യുന്നു. കുറേക്കൂടി കർക്കശമായിട്ട്, യാതൊരു ദാക്ഷിണ്യവും വേണ്ട. നിർദ്ദാക്ഷിണ്യമായി നടപടി എടുക്കാം. മറ്റു കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആ രൂപത്തിൽ മുന്നോട്ടു പോകണമെന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly